# പാഠം 13

# ആഖാന്റെ മോഷണം

**പാഠോദ്ദേശ്യം** : മോഷണം ദൈവം വെറുക്കുന്ന പാപമാണ്. എത്ര രഹസ്യമായി ചെയ്യുന്ന മോഷണവും ദൈവം കാണുന്നു. മോഷ്ടാവിന് ശിക്ഷ ലഭിക്കാതിരിക്കില്ല.

**പാഠഭാഗം :** യോശുവ 6:18,19, 7:1-26, 8:1-29

**മനഃപാഠം :** പുറപ്പാട് 20:15

"മോഷ്ടിക്കരുത്."

**പാഠം :**

യെരിഹോ കോട്ട, പിടിക്കുവാൻ അതിലെ പൊന്ന്, വെള്ളി, ചെമ്പ്, ഇരുമ്പ് ഇവ കൊണ്ടുള്ള മറ്റുള്ളതെല്ലാം യഹോവയ്ക്ക് ശപഥാർപ്പിതമെന്നും ദൈവം കല്പിച്ചിരുന്നു. എന്നാൽ ആഖാൻ എന്നു പേരുള്ള ഒരാൾ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോണ്യ മേലങ്കിയും 200 ശേക്കൽ വെള്ളിയും 50 ശേക്കൽതൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ച് എടുത്ത് ആരും കാണാതെ തന്റെ കൂടാരത്തിന്റെ നടുവിൽ കുഴിച്ചിട്ടു. ഇങ്ങനെ ആഖാൻ യഹോവയുടെ കല്പന ലംഘിച്ചു.

യെരിഹോ കോട്ട പിടിച്ചടക്കിയതിനു ശേഷം സമീപത്തുള്ള ഹായി പട്ടണം,

## Lesson 13

# ACHAN'S THEFT

**Learning Objectives** : God hates the sin of stealing. God sees even theft that is done in secret. The thief will surely not go unpunished

**Passage for Study** : Joshua 6:18-19; 7:1-26; 8:1-29

**Memory Verse** : Exo. 20:15 – Do not steal

**Lesson**

When the people of Israel captured the city of Jericho, God forbade them from taking any of the gold, silver, brass, iron or other materials from the city as it was considered to be cursed. But one man named Achan saw and stole a Babylonian robe, 200 shekels of silver and a bar of gold weighing 50 shekels. He hid it in the ground under his tent. Thus Achan disobeyed the command of the Lord.






Around 3000 people marched forward to capture the city of Ai, after the victory over

പിടിച്ചടക്കുന്നതിനായി ഏകദേശം മൂവായിരം പേർ പോയി. എന്നാൽ അവർക്ക് ഹായി പട്ടണക്കാരുടെ മുമ്പിൽ തോറ്റോടേണ്ടിവന്നു. ഇത് യോശുവയ്ക്കും ജനത്തിനും വലിയ ദുഃഖം ഉണ്ടായി. യഹോവയുടെ പെട്ടകത്തിനു മുമ്പിൽ യോശുവയും യിസ്രയേൽ മൂപ്പന്മാരും തലയിൽ മണ്ണുവാരിയിട്ടുകൊണ്ട് സാഷ്ടാംഗം വീണു കിടന്ന് യഹോവയോട് നിലവിളിച്ചു.

അപ്പോൾ യഹോവ യോശുവയോട്, എഴുന്നേൽക്ക, നീ ഇങ്ങനെ നിലവിളിക്കുന്നത് എന്തിന്, യിസ്രയേൽ പാപം ചെയ്തിരിക്കുന്നു. അവർ ശപഥാർപ്പിതം മോഷ്ടിച്ചിരിക്കുന്നു. ശാപം നിങ്ങളുടെ ഇടയിൽ നിന്നു നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടുകൂടെ ഇരിക്കുകയില്ല എന്നു പറഞ്ഞു.

യഹോവയുടെ കല്പനപ്രകാരം യോശുവ യിസ്രായേലിനെ ഗോത്രം ഗോത്രമായി വരുത്തി ചോദ്യം ചെയ്തു. ഒടുവിൽ ആഖാൻ പിടിക്കപ്പെട്ടു. അവൻ മോഷ്ടിച്ചത് കൂടാരത്തിന്റെ നടുവിൽ കുഴിച്ചിട്ടിരിക്കുന്നു എന്നു പറഞ്ഞു. യോശുവ ആളയച്ച് ആഖാന്റെ കൂടാരത്തിൽ നിന്നും മോഷണ വസ്തു എടുപ്പിച്ചു. അനന്തരം ആഖാനെ അവന്റെ സർവ്വസമ്പത്തും, കാള, കഴുത, ആട് ഇങ്ങനെ അവനുള്ള സകലവുമായി ആഖോർ താഴ് വരയിൽ കൊണ്ടുപോയി യിസ്രയേൽ ജനമെല്ലാം അവനെ കല്ലെറിഞ്ഞു. അവന്റെ മേൽ ഒരു വലിയ കല്ക്കുന്നു കൂട്ടി. ഇങ്ങനെ യഹോവയുടെ ഉഗ്രകോപം മാറി. അവർ ഹായി പട്ടണത്തോടും യുദ്ധം ചെയ്ത് അതിനെ പിടിച്ചടക്കുകയും ചെയ്തു.



Jericho. But they were defeated and had to run for their lives in retreat. The hearts of the people melted in fear. Joshua and the elders of Israel fell face down before the ark of the Lord and sprinkled dust on their heads.

The Lord spoke to Joshua, “”Stand up! What are you doing down on your face? Israel has sinned. They have taken some of the devoted things; they have stolen. That is why the Israelites cannot stand against their enemies. I will not be with you anymore unless you destroy whatever among you is devoted to destruction.

According to the word of the Lord, Joshua brought out the people of Israel tribe by tribe. Finally, Achan was caught and he confessed that he hid the things in the ground under his tent. So Joshua sent messengers, and they ran to the tent, and took the things from the tent, brought them to Joshua and all the Israelites and spread them out before the LORD.

Then Joshua, together with all Israel, took Achan, the silver, the robe, the gold bar, his sons and daughters, his cattle, donkeys and sheep, his tent and all that he had, to the Valley of Achor. Then all Israel stoned him, and after they had stoned the rest, they burned them and heaped up a large pile of rocks.

മോഷണം ദൈവം വെറുക്കുന്ന ഒരു പാപമാണ്.
മോഷ്ടാവിന് ശിക്ഷ ലഭിക്കും.

*God hates the sin of robbery. The thief will get the punishment.*



ചോദ്യങ്ങൾ

1. ആഖാന് കൊടുത്ത ശിക്ഷ എന്ത്?
2. ആഖാൻ മോഷണവസ്തു എന്തു ചെയ്തു?
3. ആഖാനെ കല്ലെറിയാൻ കൊണ്ടുപോയ താഴ് വര ഏത്?

1. What was the punishment given to Achan?
2. What did Achan do with the things he stole?
3. In which valley did the people of Israel kill Achan?



Questions